പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 554

05.07.2013- ൽ
മറുപടിക്ക്

## സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്:<br>,, വി.ഡി.സതീശൻ:<br>,, അൻവർ സാദത്ത്:<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ)കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക, ജൈവ കൃഷി പ്രോൽസാഹിപ്പിക്കുക, കയറുൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുക എന്നിവയാണ് കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (ബി)സംസ്ഥാനത്തെ പച്ചക്കറി വിളകളുടെ പ്രോൽസാഹനത്തിനും ഉൽപ്പാദന വർദ്ധനവിനും എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ടെറസ് ഫാമിംഗിന് ഉതകുന്ന ചകിരിച്ചോറ് അടിസ്ഥാനമാക്കിക്കൊണ്ടുള്ള യു.വി.ട്രീറ്റഡ് ഗ്രോ ബാഗും കയറുപയോഗിച്ചുള്ള സമൃദ്ധി നെറ്റുമാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | സി) കയർഫെഡ് ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

Kumari Shanthi
സെക്ഷൻ ഓഫീസർ